**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1927** **13-02-2025 - ൽ മറുപടിയ്ക്ക്**

**ക്ഷീരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. ആന്റണി ജോൺ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ആദായകരമായ ക്ഷീരോല്പാദനം ഉറപ്പാക്കുന്നതിനും പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനുമായി ക്ഷീരഗ്രാമം എന്ന പദ്ധതിയ്ക്ക് രൂപംനൽകിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്നു വിശദമാക്കുമോ; | (എ) | ആദായകരമായ ക്ഷീരോല്പാദനം ഉറപ്പാക്കുന്നതിനും പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനുമായി ക്ഷീരഗ്രാമം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ക്ഷീരവികസ വകുപ്പിന്റെ പ്ലാൻ ഫണ്ട് കൂടാതെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം കൂടി ഉൾപ്പെടുത്തിയാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.<br><br>ഉരുക്കളെ വാങ്ങൽ, കറവയന്ത്രം, കറവപ്പശുക്കൾക്ക് കാലിത്തീറ്റ, ചാണകക്കുഴി നിർമ്മാണം എന്നീ ഘടകപദ്ധതികൾ പഞ്ചായ ത്തിന്റെ വികസന ഫണ്ട് ഉപയോഗിച്ചും, ഉരുക്കളെ വാങ്ങൽ, ഡയറി ഫാം അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ, തീറ്റപ്പുൽകൃഷി, തീറ്റപ്പുൽകൃഷി യന്ത്ര വത്കരണവും, ആധുനികവത്ക്കരണവും, സബ്സിഡി നിരക്കിൽ തീറ്റപ്പുൽ/ വൈക്കോൽ, സൈലേജ് ധാതുലവണ മിശ്രിതം വിതരണം എന്നീ പദ്ധതികൾ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചും നടപ്പിലാക്കുന്നു. ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനും ഗുണ നിലവാരമുള്ള പാൽ ഉപഭോക്താക്കൾക്ക് ഉറപ്പാക്കുന്നതിനും, പാൽ ഉത്പാദനച്ചെലവ് കുറയ്ക്കുന്നതിനുമായുള്ള പദ്ധതികളാണ് ക്ഷീര ഗ്രാമം പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) | സ്വയംപര്യാപ്ത ക്ഷീരകേരളം എന്ന ലക്ഷ്യം നേടുന്നതിനും ക്ഷീരകർഷകരുടെ സാമൂഹ്യ | (ബി) | പദ്ധതിയുടെ ഭാഗമായി ഉരുക്കളെ അന്യസംസ്ഥാനത്തു നിന്നും വാങ്ങി എത്തിക്കുന്നതിനാൽ സംസ്ഥാനത്തെ |

| | | | |
|---|---|---|---|
| | സാമ്പത്തിക ഉന്നമനം ഉറപ്പുവരുത്തുന്നതിനും പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമാണ്; വിശദാംശം നൽകുമോ? | | കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും അതുവഴി പാൽ ഉല്പാദനം മെച്ചപ്പെടുത്തുന്നതിനും കഴിയുന്നു. ഇത് ആത്യന്തികമായി സ്വയം പര്യാപ്ത ക്ഷീരകേരളം എന്ന ലക്ഷ്യം നേടുന്നതിന് സഹായകമാണ്. പാൽ ഉല്പാദന ചെലവ് കുറയ്ക്കുന്ന വിവിധ ഘടക പദ്ധതികളും, ഉരുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള പദ്ധതികളും ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ക്ഷീരഗ്രാമം പദ്ധതി ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക ഉന്നമനം ഉറപ്പുവരുത്തുന്നതിന് സഹായകരമാകുന്നു. |

സെക്ഷൻ ഓഫീസർ